# കേരളസർവകലാശാല

നം.പി.ആർ.44/2021

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല നടത്തുന്ന എട്ടാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി സപ്ലിമെന്ററി പരീക്ഷ ഡിസംബർ 2020 (2013 സ്കീം) ഭാഗമായുള്ള ഫെബ്രുവരി 23, 25, മാർച്ച് 1 എന്നീ തീയതികളിലെ പരീക്ഷകൾ യഥാക്രമം മാർച്ച് 17, 19, 22 എന്നീ തീയതികളിലേക്ക് മാറ്റിയിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫീസ്

കേരളസർവകലാശാല മാർച്ചിൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എം.സി.ജെ. റെഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ് പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ മാർച്ച് 1 വരെയും 150 രൂപ പിഴയോടെ മാർച്ച് 4 വരെയും 400 രൂപ പിഴയോടെ മാർച്ച് 6 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തുന്ന എട്ടാം സെമസ്റ്റർ ബി.ടെക്. പാർട്ട് ടൈം റീസ്ട്രക്ച്ചേഡ് (2013 സ്കീം) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പരീക്ഷയ്ക്ക് പിഴ കൂടാതെ ഫെബ്രുവരി 25 വരെയും, 150 രൂപ പിഴയോടുകൂടി ഫെബ്രുവരി 26 വരെയും, 400 രൂപ പിഴയോട് കൂടി ഫെബ്രുവരി 27 വരേയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### യു.ഐ.ടി. ഇംഗ്ലീഷ് അദ്ധ്യാപക നിയമനം – അഭിമുഖ തീയതി

കേരളസർവകലാശാലയുടെ കീഴിലുള്ള വിവിധ യു.ഐ.ടി. റീജിയണൽ സെന്ററുകളിലേക്ക് കരാറടിസ്ഥാനത്തിൽ ഇംഗ്ലീഷ് അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിലേക്കായി ഫെബ്രുവരി 22–ാം തീയതി 2 മണി മുതൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ഇന്റർവ്യൂ മാർച്ച് ഒന്നാം തീയതി 10.30 മുതൽ നടത്തുന്നതാണ്. ഫെബ്രുവരി 23, 24 തീയതികളിലെ ഇന്റർവ്യൂവിന് മാറ്റമില്ല.

### സി.എ.സി.ഇ.ഇ. – വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം കാര്യവട്ടം ക്യാമ്പസിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് മാർച്ച് 6 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ് കാലാവധി: 6 മാസം, കോഴ്സ്ഫീസ്: 7500/-, ഉയർന്ന പ്രായപരിധി ഇല്ല. www.keralauniversity.ac.in ൽ നിന്നും 28 -ാം നമ്പർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് SBI ബാങ്കിൽ A/C.No.57002299878 ൽ 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം ഡയറക്ടർ സി.എ.സി.ഇ.ഇ. , പി.എം.ജി ജംഗ്ഷൻ, കേരളസർവകലാശാല, തിരുവനന്തപുരം – 695033 എന്ന വിലാസത്തിൽ അയയ്ക്കുക. ഫോൺ: 0471 – 2302523.

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിംഗ് കോഴ്സിന് മാർച്ച് 5 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കാലാവധി: 4 മാസം, ഫീസ്: 5000/-, അപേക്ഷാഫീസ്: 100 രൂപ. ഉയർന്ന പ്രായപരിധി ഇല്ല. വിശദവിവരങ്ങൾക്ക് സി.എ.സി.ഇ.ഇ. ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471 – 2302523.

.

സെക്ഷൻ ഓഫീസർ
പബ്ലിക് റിലേഷൻസ് വിഭാഗം

**തിരുവനന്തപുരം.**

20.02.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**E-mail:ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**